## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T * 307** **24.06.2013 ൽ മറുപടിയ്ക്ക്**

### പറമ്പിക്കുളം - ആളിയാർ നദീജല കരാർ തമിഴ്നാട് ലംഘിച്ചതിനെതിരെ നിയമ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീ.ഉമ്മൻചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| (എ) പറമ്പിക്കുളം - ആളിയാർ നദീജല കരാർ തമിഴ്നാട് ലംഘിച്ചതിനെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് ഡിസംബറിൽ സഭയിൽ മന്ത്രി നൽകിയ ഉറപ്പിന് വിരുദ്ധമായി, സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിൽ കാലവിളംബം വരുത്തിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) പറമ്പിക്കുളം-ആളിയാർ നദീജലകരാർ ലംഘനവുമായി ബന്ധപ്പെട്ട് തമിഴ്നാടിനെതിരെ നിയമപരമായി നടപടി സ്വീകരിക്കുമെന്ന് നിയമസഭയിൽ നൽകിയ ഉറപ്പിന് വിരുദ്ധമായി; ഈ വിഷയത്തിൽ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് കാലവിളംബം വരുത്തിയിട്ടില്ല. |
| (ബി) മഴക്കാലത്തിനു മുമ്പായി കേസ് പരിഗണനയ്ക്ക് വരാതിരിയ്ക്കാൻ ബോധപൂർവ്വം ചില ഉദ്യോഗസ്ഥന്മാർ കാലതാമസം വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസ് സുപ്രീം കോടതി പരിഗണനയ്ക്കെടുത്തത് എന്നാണെന്ന് അറിയിക്കാമോ; | (ബി) മഴക്കാലത്തിന് മുൻപായി കേസ് പരിഗണനയ്ക്ക് വരാതിരിക്കാൻ ബോധപൂർവ്വം കാലതാമസം വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസ് കോടതി പരിഗണിക്കാൻ ഇരിക്കുന്നതേയുള്ളൂ. |

(സി) വീഴ്ച വരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; കേസിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ?

(സി) സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന്; പറമ്പിക്കുളം-ആളിയാർ നദീജല കരാറിലെ സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ സംബന്ധിച്ച് വിശദമായ ചർച്ചയും, പഠനവും ആവശ്യമാണെന്ന് സുപ്രീം കോടതിയിലെ അഭിഭാഷകനുമായി നടത്തിയ ചർച്ചയിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കഴിയുന്നത്ര വേഗത്തിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കാലതാമസം വരുത്തുന്നതിന് ബോധപൂർവ്വം ശ്രമങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാരിന് വേണ്ടി ബഹു.സുപ്രീം കോടതിയിൽ 16.04.2013-ൽ കേസ് ഫയൽ ചെയ്തിട്ടുള്ള ഒറിജിനൽ സ്യൂട്ട് (O.S No. 2/2013) അവധിക്കുശേഷം ബഹു.സുപ്രീം കോടതി തുറന്നു പ്രവർത്തിക്കുമ്പോൾ, കാലതാമസമില്ലാതെ പരിഗണിക്കപ്പെടുന്ന-തിനുള്ള തുടർനടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ സത്വരനടപടികൾ സ്വീകരിക്കാൻ 04.06.2013-ലെ കത്ത് പ്രകാരം Standing Counsel-ന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ